**KERALA INSTITUTE OF LOCAL ADMINISTRATION**

An autonomous body constituted by the Government of Kerala

Phone (Office) : +91 487 - 2207000

Fax : +91 487 - 2201062

Email : info@kila.ac.in

# സംസ്ഥാനതല വൈജ്ഞാനിക സമ്മേളനവും പഠനോത്സവവും

**2022 മെയ് 31, ജൂൺ 1 – കൊല്ലം സി. കേശവൻ മെമ്മോറിയൽ ടൌൺ ഹാൾ**

കിലയും ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയും കേരള ഡിജിറ്റൽ സർവ്വകലാശാലയും സംയുക്തമായി തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെ ജനപ്രതിനിധികൾക്ക് വേണ്ടി നടത്തിയ ‘അധികാര വികേന്ദ്രീകരണവും പ്രാദേശിക ഭരണ നിർവ്വഹണവും’ എന്ന സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഭാഗമായി ബിരുദദാന ചടങ്ങിനോടനുബന്ധിച്ച് നടത്തുന്ന **‘സംസ്ഥാനതല വൈജ്ഞാനിക സമ്മേളനം, പഠനോത്സവം’** എന്ന പരിപാടിയിലേക്ക് അങ്ങയുടെ സാന്നിദ്ധ്യം സാദരം ക്ഷണിക്കുന്നു. പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതിന് താഴെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**<u>പരിപാടിയിൽ പങ്കെടുക്കാനുദ്ദേശിക്കുന്ന സർട്ടിഫിക്കേറ്റ് കോഴ്സ് വിജയികളായ ജനപ്രതിനിധികൾക്ക് മുൻകൂട്ടി രജിസ്ട്രേഷൻ നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ</u>**

1. സർട്ടിഫിക്കറ്റ് കോഴ്സ് **പരീക്ഷയിൽ വിജയിച്ച ജനപ്രതിനിധികൾക്ക് മാത്രമാണ്** ഈ പരിപാടിയിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്തു കൊണ്ട് പങ്കെടുക്കാൻ സാധിക്കുക.
2. കില തയ്യാറാക്കിയ **പോർട്ടൽ വഴി ഓൺലൈനായി മെയ് 22 നകം രജിസ്റ്റർ** ചെയ്യേണ്ടതാണ്. പോർട്ടൽ ലിങ്ക് കില വെബ് സൈറ്റിൽ ലഭ്യമാണ്.
3. പ്രസ്തുത പരിപാടിയിൽ ഈ ദിവസങ്ങളിൽ **പങ്കെടുക്കാൻ സാധിക്കുമെന്ന് ഉറപ്പാക്കിയതിനു ശേഷം മാത്രമേ ഓൺലൈനിൽ രജിസ്റ്റർ ചെയ്യാവൂ.** രണ്ടു ദിവസവും പൂർണ്ണമായി പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് മാത്രമേ താമസ സൗകര്യം ലഭ്യമാക്കുകയുള്ളൂ.
4. താമസ സൗകര്യം പരിമിതമായതിനാൽ **ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്കായിരിക്കും മുൻഗണന.**
5. ലഭ്യമായ താമസ സൗകര്യങ്ങൾ അലോട്ട് ചെയ്തുകഴിഞ്ഞതിനു ശേഷവും രജിസ്റ്റർ ചെയ്യാൻ താത്പര്യപ്പെടുന്നവർക്ക് രജിസ്റ്റർ ചെയ്യാവുന്നതും താമസം ഒഴികെയുള്ള മറ്റു സൗകര്യങ്ങൾ ലഭ്യമാവുന്നതുമാണ്.
6. താമസ സൗകര്യം പരീക്ഷ വിജയിച്ച ജനപ്രതിനിധിക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.
7. താമസ സൗകര്യത്തിൻറെ പരിമിതി മൂലം കൊല്ലം ജില്ലയിൽ നിന്നുള്ളവർക്ക് താമസ സൗകര്യം ലഭിക്കുന്നതല്ല. സമീപ ജില്ലകളിൽ നിന്നും വരുന്നവർ സാധിക്കുന്ന പക്ഷം താമസ സൗകര്യം ഒഴിവാക്കി രജിസ്റ്റർ ചെയ്യേണ്ടതാണ്.
8. പഠിതാക്കൾ സർട്ടിഫിക്കറ്റ് കോഴ്സ് പോർട്ടലിൽ ഉപയോഗിച്ചിരുന്ന അതേ യൂസർ നെയിമും (ഇമെയിൽ ഐഡി), പാസ്സ്‌വേർഡും (മൊബൈൽ നമ്പർ) ഉപയോഗിച്ച് **രജിസ്ട്രേഷനുള്ള ഓൺലൈൻ പോർട്ടലിൽ ലോഗിൻ ചെയ്ത് പ്രോഗ്രാമിന് രജിസ്റ്റർ ചെയ്യേണ്ടതാണ്.**
9. പ്രസ്തുത പരിപാടിയിലേക്കുള്ള പ്രവേശനവും താമസ സൗകര്യവും ഉറപ്പാക്കുന്നത് സംബന്ധിച്ച വിവരങ്ങൾ അവരവരുടെ ഇമെയിൽ മുഖേനെ / മൊബൈൽ ഫോൺ എസ്.എം.എസ് മുഖേന ലഭ്യമാക്കുന്നതാണ്.
10. പ്രസ്തുത പരിപാടിയിൽ വെച്ച് രണ്ടാം ദിവസം കോഴ്സ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതാണ്. ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല പോർട്ടലിൽ ഓൺലൈനായി സർട്ടിഫിക്കറ്റ് ഫീസ് പ്രസ്തുത പരിപാടിക്കു മുൻപായി അടച്ചവർക്ക് മാത്രമായിരിക്കും സർട്ടിഫിക്കറ്റ് ലഭ്യമാകുക.

രജിസ്ട്രേഷൻ ലിങ്ക് : https://tpms.kila.ac.in/convocationRegistration

**ഡയറക്ടർ ജനറൽ**